(Pages : 4) **M – 2479**

Reg. No. : ..............................

Name : ..................................

# Second Semester B.Com. Degree Examination, December 2021

## First Degree Programme under CBCSS

## Language Course VI

## Additional Language II – Malayalam

## ML 1211.2 : കവിത, കഥ, ഉപന്യാസം, വിവർത്തനം

## (2020 Admission - Regular)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ അനുകല്പന സിനിമ ഏത്?

2. 'സൂഫി പറഞ്ഞ കഥ'യുടെ ഇംഗ്ലീഷ് വിവർത്തകൻ ആര്?

3. 'എം.എൽ.സി. കഥകൾ' രചിച്ചതാര്?

4. വൈലോപ്പിള്ളിയെക്കുറിച്ച് സച്ചിദാനന്ദൻ എഴുതിയ കവിതയേത്?

5. ശേഷക്രിയ ആരുടെ രചനയാണ്?

6. നാലപ്പാട്ട് നാരായണമേനോൻ വിവർത്തനം ചെയ്ത വിക്ടർ യൂഗോവിന്റെ കൃതി ഏത്?

7. 'ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാ-

   തെന്തിനു ജീവിതപലഹാരം' - ആരുടെ വരികൾ?

P.T.O.

8. കാരൂർക്കഥകളുടെ വിശേഷണം എന്ത്?

9. കൈരളിയുടെ കഥ എഴുതിയതാര്?

10. മഹാഭാരതത്തെ അടിസ്ഥാനമാക്കി, കുട്ടിക്കൃഷ്ണമാരാർ എഴുതിയ കൃതി ഏത്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിനുത്തരമെഴുതുക.

11. 'വെളിച്ചത്തിന്റെ അവസാനദ്വാരവും അടയട്ടെ. നിന്നെ ഞാൻ രക്ഷിക്കും' - സന്ദർഭവും ആശയവും വിശദമാക്കുക.

12. 'വിഫലയത്നനായ പ്രഥമാദ്ധ്യാപകൻ മഞ്ഞളിച്ച മുഖവുമായി തന്റെ പൊളിഞ്ഞ കസാലയിൽ ചെന്നിരുന്നു' - സൂചിതമെന്ത്?

13. 'കാഴ്ചയ്ക്ക് തനി തെരുവുഗുണ്ടയാണെന്ന് തോന്നുന്ന ഇവൻ എത്ര നല്ലവൻ' - ആരുടേതാണീ വാക്കുകൾ? വിവക്ഷിതമെന്ത്?

14. നാരായത്തെ ഇ.വി. കൃഷ്ണപിള്ള പരിചയപ്പെടുത്തുന്നതെങ്ങനെ?

15. കുട്ടികൃഷ്ണമാരാർ കുഞ്ചൻ നമ്പ്യാരെ വിമർശിക്കുന്നതെന്തുകൊണ്ട്?

16. ഇ-ബുക്ക് റീഡർ എന്നാലെന്ത്? മികവുകൾ എന്തെല്ലാം?

17. 'നശിച്ച വർഗ്ഗങ്ങൾ. പാവപ്പെട്ടവനെന്തെങ്കിലും ഗുണം ചെയ്യുന്നത് ഇവറ്റകൾ ചെയ്യില്ല.' സന്ദർഭവും ആശയവും വ്യക്തമാക്കുക.

18. 'ചരിത്രത്തിനുള്ളിലെ ഭ്രാന്തിന്റെ പ്രാകൃതമായ വെളിപ്പെടുത്തലായിരുന്നു അത്.' - ഏത്?

19. സംഗീതത്തെക്കുറിച്ച് മാർഗരറ്റ് മീഡിന്റെ അഭിപ്രായമെന്ത്?

20. 'നെറ്റിവേർപ്പിലുരുകുവാനുപ്പിൻ

കട്ടയോ കുലപർവ്വതകൂടം'

- ഈ സന്ദേഹത്തിലടങ്ങിയിരിക്കുന്ന പ്രകൃതിവീക്ഷണമെന്ത്?

21. പള്ളിക്കൂടത്തിലേക്ക് പോകാൻ നങ്ങേലി ഉണ്ണിയെ ഒരുക്കുന്നതെങ്ങനെ?

22. 'മിഥ്യാവലയിത സത്യോപമരുചി

തത്തി ലസിച്ചൂ മമ മുന്നിൽ!' - വിവക്ഷിതമെന്ത്?

23. വാഷ്ബേസിനിൽ കിടന്ന് ശ്വാസം കിട്ടാതെ പിടയുന്ന ചേറ്റുമീനുകൾ സൂചിപ്പിക്കുന്നതെന്ത്?

24. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

Dr. Ambedkar, affectionately remembered as 'Baba Saheb', was one of the prime architects of the Indian Constitution. His proficiency in law and familiarity with the state of the nation facilitated the drafting of the Constitution.

25. 'വേദന വേദന ലഹരി പിടിക്കും

വേദന ഞാനതിൽ മുഴുകട്ടെ' - ഈ വരികൾ ചങ്ങമ്പുഴയുടെ കാവ്യവ്യക്തിത്വത്തെ പ്രതിഫലിക്കുന്നതെങ്ങനെ?

26. ചിഹ്നങ്ങളുടെ ക്രമീകരണത്തിൽ ചലച്ചിത്രഭാഷയും സാഹിത്യഭാഷയും തമ്മിലുള്ള സമാനതകളെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. തൊഴിൽ രംഗം നേരിടുന്ന പുതിയ വെല്ലുവിളികളെ 'ഇതാ ഒരു ടെക്കി' എന്ന കഥ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

28. തിരുവിതാംകൂറിൽ അല്ലലില്ലാതെ കഴിയുന്നവരായി ഇ.വി. കണ്ടെത്തുന്നതാരെ?

29. ജമീലാബീവി 'ബുസ്ക്' എന്നു പറയുന്ന മാതിരി നിൽക്കാൻ കാരണമെന്ത്?

30. 'പൊതിച്ചോറ്' എന്ന കഥ, ആദ്യകാല അദ്ധ്യാപകരുടെ ദുരിതജീവിതത്തിന്റെ നേർചിത്രണ മാകുന്നതെങ്ങനെ?

31. സിനിമയും സാഹിത്യവും തമ്മിലുള്ള ബന്ധം ജൈവപരവും നിർണ്ണായകവുമാണെന്ന് ഐസൻസ്റ്റീൻ വാദിക്കുന്നതെന്തുകൊണ്ട്?

32. സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളുടെ മികവുകളെന്തെല്ലാം?

33. കേരളീയരിൽ ഗുരുവിന്റെ ഇന്ദ്രജാലം സ്വാധീനം നേടിയതെങ്ങനെ?

34. പൂതത്തെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

35. ഭഗവാൻ വേദവ്യാസൻ ഋശ്യശൃംഗകഥയിൽ ഒന്നു പൊട്ടിച്ചിരിച്ചിട്ടുണ്ടെന്ന് മാരാർ സമർത്ഥിക്കുന്നതെങ്ങനെ?

36. വായനയെക്കുറിച്ചുള്ള പരമ്പരാഗതധാരണകൾ ഇന്ന് അട്ടിമറിക്കപ്പെടുന്നതെങ്ങനെ?

37. ഉണ്ണിയെക്കാണാഞ്ഞ് പരിഭ്രാന്തയായ നങ്ങേലിയെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

38. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.
വെള്ളം, മണ്ണ്, ഭൂമിയുടെ ഹരിതകഞ്ചുകമാകുന്ന സസ്യജാലം എന്നിവയാണ് ഭൂമിയിലെ ജന്തുവർഗ്ഗത്തിന് ആധാരമാകുന്ന ലോകം ഉണ്ടാക്കുന്നത്. ആധുനിക മനുഷ്യൻ ഈ വസ്തുത തീരെ ഓർമ്മിക്കാറില്ലെങ്കിലും സൗരോർജ്ജത്തെ പ്രയോജനപ്പെടുത്തി ജീവിക്കാൻ അവൻ ആശ്രയിക്കുന്ന മൗലിക ഭക്ഷണപദാർത്ഥങ്ങൾ നിർമ്മിക്കുന്ന സസ്യജാലമില്ലാതെ മനുഷ്യനു നിലനില്ക്കാനാവില്ല. സസ്യലോകത്തോടുള്ള നമ്മുടെ സമീപനം അസാധാരണമായി ഇടുങ്ങിയ ഒന്നാണ്.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ചങ്ങമ്പുഴക്കവിതയിലെ ഭാഷാസൗകുമാര്യം മനസ്വിനിയെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

40. ഗുരു ചരിത്രത്തെ സ്വച്ഛതകൊണ്ടു നിറയ്ക്കുകയായിരുന്നു - ഈ അഭിപ്രായം ചർച്ച ചെയ്യുക.

41. ജനജീവിതത്തിലെ ഒഴിവാക്കാനാവാത്ത ഘടകമായി ഇന്റർനെറ്റിനെ മാറ്റിത്തീർക്കുന്നതെന്ത്?

42. എം. സുകുമാരന്റെ കഥകൾ വ്യവസ്ഥിതിയോടുള്ള പ്രതിഷേധമായി മാറുന്നതെങ്ങനെ?

43. 'മാതൃത്വത്തിന്റെ മഹാഗാഥയാണ് പൂതപ്പാട്ട്' - വിലയിരുത്തുക.

44. 'മലതുരക്കൽ' മുന്നോട്ടുവച്ച വികസനസങ്കല്പം, കേരളത്തിന്റെ സമകാലികാവസ്ഥയുമായി ചേർത്തുവച്ച് വിശകലനം ചെയ്യുക.

**(2 × 15 = 30 Marks)**

---